**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 29** **12-10-2026-ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ഫിറോസ്
ശ്രീ. ടി. വി. ഇബ്രാഹിം
ശ്രീ. പി .എം. എ. സമീർ
ശ്രീ. നജീബ് കാന്തപുരം

ശ്രീ. വി. ഡി. സതീശൻ
(മുഖ്യമന്ത്രി)

**(എ)** സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നതിനാൽ സാമ്പത്തിക നഷ്ടം ഉണ്ടാകുന്ന എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിശോധിച്ചിട്ടുണ്ടോ;

**മറുപടി:** പദ്ധതികളുടെ നിർവഹണത്തിലെ കാലതാമസം ചെലവ് വർധനയ്ക്കും പൊതുവിഭവങ്ങളുടെ ഫലപ്രദമായ വിനിയോഗത്തെ ബാധിക്കുന്നതിനും ഇടയാക്കാമെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, നടപടിക്രമങ്ങളിലെ കാലതാമസം, ഭരണപരമായ തടസ്സങ്ങൾ എന്നിവ സർക്കാർ പരിശോധിച്ചിട്ടുണ്ട്.

**(ബി)** ഇതു പരിഹരിക്കുന്നതിനായി ഭരണപരിഷ്കാര നടപടികൾ സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

**മറുപടി:** സർക്കാരിന്റെ മുൻഗണനാ വിഷയങ്ങൾ, ബജറ്റ് പ്രഖ്യാപനങ്ങൾ, നയങ്ങൾ, പരിപാടികൾ എന്നിവ ഫലപ്രദമായി നടപ്പാക്കുന്നതിനായി, 13.07.2026-ലെ സ.ഉ.(കൈ) നം.71/2026/പൊ.ഭ.വ. പ്രകാരം ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ ഏകോപന പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ **(CPMD)** രൂപീകരിച്ചിട്ടുണ്ട്. വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുക, പദ്ധതി നിർവഹണത്തിലെ തടസ്സങ്ങൾ പരിഹരിക്കുക, പ്രോഗ്രാം മാനേജ്മെന്റിനുള്ള ചട്ടക്കൂടുകൾ വികസിപ്പിക്കുക, നിർവഹണപുരോഗതി നിരീക്ഷിക്കുക, തെളിവുകളുടെ അടിസ്ഥാനത്തിലുള്ള തീരുമാനമെടുക്കൽ പ്രോത്സാഹിപ്പിക്കുക എന്നിവയാണ് ഇതിന്റെ പ്രധാന ലക്ഷ്യങ്ങൾ. വകുപ്പുകളുടെ നിയമപരമായ ചുമതലകളിൽ മാറ്റം വരുത്താതെ, മുഖ്യമന്ത്രിയുടെയും ചീഫ് സെക്രട്ടറിയുടെയും ഓഫീസുകൾക്ക് പിന്തുണ നൽകുന്ന സംവിധാനമായാണ് ഇത് പ്രവർത്തിക്കുന്നത്.

ഭരണം കൂടുതൽ കാര്യക്ഷമവും സുതാര്യവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കുന്നതിന് പരസ്പരബന്ധിതമായ അഞ്ച് ഭരണപരിഷ്കാരങ്ങൾക്കും സർക്കാർ തത്ത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്:

1. സർക്കാർ ആസ്തികളുടെ ഡിജിറ്റൽ രജിസ്ട്രിയായ **SAMPATH പോർട്ടൽ** വികസിപ്പിക്കൽ.

2. വികസന പദ്ധതികളുടെ **GIS അധിഷ്ഠിത പ്രോജക്ട് രജിസ്റ്റർ** ഉൾപ്പെടുത്തി **PLANSPACE 2.0** വിപുലീകരിക്കൽ.
3. സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ, നിയമാനുസൃത സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സൊസൈറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മിഷനുകൾ, പ്രത്യേക ഉദ്ദേശ്യ സ്ഥാപനങ്ങൾ (SPV-കൾ) എന്നിവയുടെ സമഗ്ര രജിസ്ട്രി തയ്യാറാക്കൽ.
4. കാലഹരണപ്പെട്ടതും പ്രചാരത്തിലില്ലാത്തതും പരസ്പരവിരുദ്ധവുമായ നിയമവ്യവസ്ഥകൾ സമഗ്രമായി പരിശോധിച്ച്, ആവശ്യാനുസരണം ഭേദഗതി ചെയ്യുന്നതിനും ഏകീകരിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള സംവിധാനം ഒരുക്കൽ.
5. **Ease of Doing Business** മെച്ചപ്പെടുത്തുന്നതിനായി ഭരണനടപടികൾ ലളിതമാക്കൽ.

വിവരങ്ങൾ ഏകീകരിച്ച് ആസൂത്രണം, നിർവഹണം, നിരീക്ഷണം, ആസ്തിപരിപാലനം എന്നിവ മെച്ചപ്പെടുത്തുന്നതിനും പദ്ധതികളുടെ പൂർത്തീകരണത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും വിഭവങ്ങളുടെ പാഴ്ചെലവ് നിയന്ത്രിക്കുന്നതിനുമാണ് ഈ നടപടികൾ ലക്ഷ്യമിടുന്നത്.

**(സി)** വിവിധ പദ്ധതികളുടെ നിർവഹണത്തിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനത്തിനുമായി സെക്രട്ടറിമാരുടെ ഉന്നതാധികാര സമിതി രൂപീകരിക്കുവാൻ ആലോചിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

**മറുപടി:** സംസ്ഥാനത്തെ സുപ്രധാന വികസന പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നിർവഹണം ഉറപ്പാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനുമായി, 30.07.2026-ലെ സ.ഉ.(കൈ) നം.94/2026/പൊ.ഭ.വ. പ്രകാരം ചീഫ് സെക്രട്ടറി അധ്യക്ഷനായ സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റി (ECoS) രൂപീകരിച്ചിട്ടുണ്ട്.

ധനകാര്യ, ആസൂത്രണ-സാമ്പത്തികകാര്യ, നിയമ, ഇലക്ട്രോണിക്സ്-വിവരസാങ്കേതികവിദ്യ, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും പരിഗണിക്കുന്ന വിഷയവുമായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരുമാണ് സമിതിയിലെ അംഗങ്ങൾ. ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിലെ CPMD-യുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD) സമിതിയുടെ കൺവീനറാണ്. ചീഫ് സെക്രട്ടറി നിർദേശിക്കുന്ന മറ്റ് സെക്രട്ടറിമാരെയും വിദഗ്ധരെയും പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്താവുന്നതാണ്.

സർക്കാരിന്റെ മുൻഗണനാ പദ്ധതികളുടെയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെയും നിർവഹണം ഏകോപിപ്പിക്കുക, അവയുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി അവലോകനം ചെയ്യുക, കാലതാമസവും ഭരണപരമായ തടസ്സങ്ങളും കണ്ടെത്തി വകുപ്പുകൾ തമ്മിലുള്ള തർക്കങ്ങൾക്ക് പ്രായോഗിക പരിഹാരങ്ങൾ നിർദേശിക്കുക എന്നിവയാണ് സമിതിയുടെ പ്രധാന ചുമതലകൾ. ഒന്നിലധികം വകുപ്പുകൾ ഉൾപ്പെടുന്ന നിർവഹണ പദ്ധതികൾക്ക് അംഗീകാരം നൽകുക, പ്രധാന ഘട്ടങ്ങളും സമയപരിധികളും നിശ്ചയിച്ച് സമയബന്ധിതമായ നടപ്പാക്കൽ ഉറപ്പാക്കുക, ആവശ്യമായ വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ, സാങ്കേതിക സമിതികൾ എന്നിവ രൂപീകരിക്കുക, മന്ത്രിസഭയുടെ പരിഗണനയും അംഗീകാരവും ആവശ്യമായ പൊതുവിഷയങ്ങൾ ശിപാർശ ചെയ്യുക എന്നിവയും സമിതിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു.

**സെക്ഷൻ ഓഫീസർ**